# വാർത്താക്കുറിപ്പ്

വനിതാ ശിശു വികസന വകുപ്പിനു കീഴിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികൾക്ക് വേണ്ടി പതിനഞ്ച് ചിൽഡ്രൻസ് ഹോമുകളും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് വേണ്ടി ഒൻപത് ഒബ്സർവേഷൻ ഹോമുകളും, രണ്ട് സ്പെഷ്യൽ ഹോമുകളും, ഒരു പ്ലേസ് ഓഫ് സേഫ്റ്റിയും പ്രവർത്തിക്കുന്നു. ഇത്തരം കുട്ടികളുടെ ഉന്നമനത്തിനായി ഒരോ ഹോമിലും സന്നദ്ധ സംഘടനകളുടെ സേവനം കൂടി ആവശ്യമാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത ജെ.ജെ സ്ഥാപനങ്ങളിൽ വോളന്റിയായി പ്രവർത്തിക്കുവാൻ താത്പര്യമുള്ള സന്നദ്ധസംഘടനകളിൽ (എൻ.ജി.ഒ) നിന്നും അപേക്ഷ ക്ഷണിക്കുന്നു. സാമൂഹ്യ നീതി വകുപ്പിന്റെ അക്രഡിറ്റേഷൻ ലഭിച്ച സന്നദ്ധസംഘടനകൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. പ്രവർത്തിക്കാൻ താത്പര്യമുള്ള സന്നദ്ധസംഘടനകൾ ഐ.സി.പി.എസ് ഗൈഡ്ലൈൻ, ജെ.ജെ ആക്റ്റ് തുടങ്ങിയവയിൽ നിഷ്കർഷിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിക്കേണ്ടതാണ്. ആവശ്യമായ രേഖകൾ സഹിതമുള്ള അപേക്ഷകൾ അതാത് ജില്ലാ ശിശു സംരക്ഷണ യൂണിറ്റിലോ, നേരിട്ട് വനിതാ ശിശു വികസന ഡയറക്ടർ, ഐ.സി.പി.എസ്, ജയിൽ ഹെഡ് ക്വാർട്ടേഴ്സിനു എതിർവശം, തിരുവനന്തപുരം-695012 എന്ന വിലാസത്തിലോ 30/06/2018-ന് മുൻപായി സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2342235 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

for DIRECTOR
Women & Child Development
Department,
Thiruvananthapuram-695012